<u>15 -ാം കേരള നിയമസഭ</u>

<u>13 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2845</u> <u>10-03-2025 - ൽ മറുപടിയ്ക്ക്</u>

<u>പാലോട് റെയിഞ്ചിൽ ജണ്ട നിർമ്മാണം നടത്തിയതിലെ അഴിമതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം വനം ഡിവിഷനിലെ പാലോട് റെയിഞ്ചിൽ ജണ്ട നിർമ്മാണം നടത്തിയതിലെ അഴിമതി അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സി.എം.ഒ. പോർട്ടലിൽ ലഭിച്ച പരാതിയുടെ അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; ലഭിച്ചിട്ടില്ലെങ്കിൽ പരാതി സമർപ്പിച്ച ആറുമാസം കഴിഞ്ഞിട്ടും അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കാത്തതിനുള്ള കാരണം വെളിപ്പെടുത്താമോ; | (എ) | **സി.എം.ഒ. പോർട്ടലിൽ ലഭിച്ച പരാതിയുടെ അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ല.**<br><br>തിരുവനന്തപുരം വനം ഡിവിഷനിലെ പാലോട് റെയിഞ്ചിൽ ജണ്ട നിർമ്മാണം നടത്തിയതിലെ അഴിമതി അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ലഭിച്ച പരാതിയിന്മേലുള്ള അന്വേഷണ റിപ്പോർട്ട് വനം വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം ഓഫീസിൽ ലഭിച്ചിരുന്നു. ടി റിപ്പോർട്ടിന്റെ സൂക്ഷ്മ പരിശോധനയിൽ അപാകതകൾ കണ്ടെത്തിയതിനാൽ അത് പരിഹരിച്ച് പുതുക്കിയ റിപ്പോർട്ട് നൽകുന്നതിന് ബന്ധപ്പെട്ട ഓഫീസർക്ക് 20.02.2025-തീയതിയിൽ വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | മേൽ പരാതിയിന്മേലുള്ള അന്വേഷണ റിപ്പോർട്ട് എന്നാണ് കോട്ടയത്തെ വിജിലൻസ് കൺസർവേറ്ററുടെ ഓഫീസിൽ ലഭിച്ചതെന്നും മേൽ ഓഫീസിലേക്ക് സമർപ്പിച്ച തീയതിയും വെളിപ്പെടുത്താമോ; ടി കാലയളവിൽ കൺസർവേറ്ററുടെ ഓഫീസിൽ ടി റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ; | (ബി) | **മേൽ പരാതിയുടെ അന്വേഷണ റിപ്പോർട്ട് തിരുവനന്തപുരം ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ നിന്ന് 1.11.2024 തീയതിയിൽ കോട്ടയം (ഐ.&ഇ.) ഫോറസ്റ്റ് കൺസർവേറ്റർക്ക് നൽകുകയും റിപ്പോർട്ട് (ഐ.& ഇ.) കൺസർവേറ്റർ തലത്തിൽ പരിശോധിച്ചതിൽ കൂടുതൽ വ്യക്തത വരുത്തുന്നതിന് തിരുവനന്തപുരം ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോട് ആവശ്യപ്പെടുകയും അതു പ്രകാരം 30.01.2025 തീയതിയിൽ പുതുക്കിയ റിപ്പോർട്ട് കോട്ടയം (ഐ.&ഇ.) ഫോറസ്റ്റ് കൺസർവേറ്റർക്ക് ലഭിക്കുകയും ആയത് 03.02.2025 തീയതിയിൽ വനം വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസിന്റെ ഓഫീസിൽ** |

| | | | |
|---|---|---|---|
| | | | **സമർപ്പിക്കുകയുമുണ്ടായി. ടി അന്വേഷണ റിപ്പോർട്ടിന്മേൽ സൂക്ഷ്മ പരിശോധന നടത്തി വരുന്നു . അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.** |
| (സി) | പ്രസ്തുത പരാതിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നതിൽ മനഃപൂർവം കാലതാമസം വരുത്തിയെന്ന ആക്ഷേപത്തെ കുറിച്ച് സ്വതന്ത്രമായി ഒരന്വേഷണം നടത്താൻ തയ്യാറാകുമോ; വിശദമാക്കുമോ? | (സി) | **പരാതിയുടെ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നതിൽ മന:പൂർവ്വമായ കാലതാമസം വന്നിട്ടില്ലാത്തതിനാൽ അത്തരം ഒരു അന്വേഷണത്തിന്റെ ആവശ്യകത ഉള്ളതായി കാണുന്നില്ല.** |

സെക്ഷൻ ഓഫീസർ